**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 251** | **03-08-2021 - ൽ മറുപടിയ്ക്ക്**

**റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീമതി ശാന്തകുമാരി കെ. | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വാഹന സാന്ദ്രതയോടൊപ്പം അനുചിതവും അപകടകരവുമായ ഡ്രൈവിംഗ് സംസ്കാരവും വലിയ തോതിൽ വാഹനാപകടം സൃഷ്ടിക്കുന്നത് നിയന്ത്രിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ കൂടുതൽ ഫലപ്രദമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | റോഡ് സുരക്ഷ അവബോധം ഉള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റി SCERT യുമായി സഹകരിച്ച് വിദ്യാർത്ഥികൾക്ക് സുരക്ഷാ അവബോധം നൽകുന്നതിനായി പദ്ധതി നടപ്പിലാക്കിവരുന്നു. ആദ്യഘട്ടമായി അദ്ധ്യാപകർക്കായി "റോഡ് സുരക്ഷിത യാത്ര" എന്ന കൈപ്പുസ്തകം തയ്യാറാക്കിയിട്ടുണ്ട് സ്കൂൾ സിലബസിൽ റോഡ് സുരക്ഷാ പാഠങ്ങൾ ഉൾക്കൊള്ളിക്കുന്നതിനുള്ള തുടർ നടപടികൾ നടന്ന് വരുകയാണ്. ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് മുൻപായി, സുരക്ഷിതമായ ഡ്രൈവിംഗിനുള്ള സമഗ്രമായ പാഠങ്ങൾ നൽകുന്നതിനാവശ്യമായ സംവിധാനങ്ങൾ സംസ്ഥാനത്താകമാനം മോട്ടോർ വാഹന വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | എൻഫോഴ്സ്മെന്റ് കർക്കശമാക്കുന്നതിനോടൊപ്പം ബോധവൽക്കരണ പ്രവർത്തനം വിപുലീകരിക്കാനും നടപടിയെടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | റോഡ് സുരക്ഷാ മാസാചരണം, എഫ്.എം, ഓൾ ഇന്ത്യ റോഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാ പരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും, ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന പരിശീലന/ ബോധവൽക്കരണ ക്ലാസുകൾ, സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധ ക്ലാസുകൾ, അച്ചടി - ഇലക്ട്രോണിക്ക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ എന്നിവയിലൂടെ റോഡു സുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികൾ നടത്തിവരുന്നു. |
| (സി) | റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡ് സേഫ്റ്റി അതോറിറ്റി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (സി) | വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ 1) സേഫ് കേരള കേരളത്തിലെ റോഡുകളെ അപകട വിമുക്തമാക്കുന്നതിനായി 24 |

മണിക്കൂറും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഉറപ്പു വരുത്തുന്നതിനുള്ള പദ്ധതിയാണ് "സേഫ് കേരള പദ്ധതി". 2) ശബരിമല സേഫ് സോൺ ഉത്സവക്കാലത്ത് ശബരിമല അപകട വിമുക്തമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ചു നടപ്പിലാക്കുന്ന പദ്ധതിയാണ് "ശബരിമല സേഫ് സോൺ പദ്ധതി". 3) ബ്ലാക്ക് സ്പോട്ട് പരിഹാര നടപടികൾ മുൻ വർഷങ്ങളിലെ അപകടങ്ങൾ അപഗ്രഥിച്ചു സംസ്ഥാനത്തെ ഏറ്റവും അപകട സാധ്യത കൂടിയ ഇടങ്ങളായ ബ്ലാക്ക് സ്പോട്ടു കൾ കണ്ടെത്തുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റി, നാറ്റ്പാക്ക് മുഖാന്തിരം പഠനം നടത്തി വരുന്നു. റോഡ് സുരക്ഷയ്ക്കു വേണ്ടിയുള്ള സുപ്രീം കോർട്ട് കമ്മിറ്റി SCCoRSയുടെയും കേന്ദ്ര ഗതാഗത മന്ത്രാലയ ത്തിന്റെയും നിർദ്ദേശങ്ങൾക്കനുസൃതമായി നാറ്റ്പാക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി, പോലീസ് - പൊതുമരാമത്ത് - മോട്ടോർ വാഹന വകുപ്പുകളുടെ സഹായത്തോടെ പരിശോധന നടത്തി പരിഹാര നിർദ്ദേശങ്ങൾ നാറ്റ്പാക്ക് മുഖാന്തിരം ക്രോഡീകരിച്ച്, റോഡ് സുരക്ഷയ്ക്ക് അത്യാവശ്യമായ പദ്ധതികൾ തയ്യാറാക്കി കേരള റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു. 4) മാതൃകാ സുരക്ഷാ വീഥി സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ സ്ഥാപിച്ച് സുരക്ഷാ ഇടനാഴികൾ സൃഷ്ടിക്കുന്ന പദ്ധതിയാണിത്. ഇതിലാദ്യത്തേതാണ് ലോക ബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച അടൂർ-കഴക്കൂട്ടം മാതൃകാ സുരക്ഷാവീഥി. ചലഞ്ച് ഫണ്ട് ഉപയോഗിച്ച് താഴെ ചേർത്തിരിക്കുന്ന പദ്ധതികളും നടപ്പാക്കാനായി കേരള റോഡ് സുരക്ഷാ അതോറിറ്റി അംഗീകാരം നൽകി കെ.എസ്.റ്റി.പി.ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. (i) എറണാകുളത്തെ ഇ-യാത്ര പദ്ധതി (വൈപ്പിൻ-മുനമ്പം) (ii) കൊട്ടിയം-കുണ്ടറ (iii) മെഡിക്കൽ കോളേജ് - പേട്ട, തിരുവനന്തപുരം (iv) പാവങ്ങാട്-കോരപ്പുഴ, കോഴിക്കോട് 5) ബോധവൽകരണ പരിപാടികൾ റോഡ് സുരക്ഷാ വാരാചരണം, എഫ്.എം, ഓൾ ഇന്ത്യ റോഡിയോകളിലൂടെ യുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും, ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന പരിശീലന/ബോധ വൽക്കരണ ക്ലാസുകൾ, സ്കൂൾ/കോളേജ്

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധ ക്ലാസുകൾ, അച്ചടി - ഇലക്ട്രോണിക്ക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയ റോഡു സുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികളും നടത്തിവരുന്നു. 6) റോഡ് സുരക്ഷാ മാസാചരണം റോഡപകടങ്ങൾ കുറയ്ക്കുന്നതിനും, ട്രാഫിക് നിയമലംഘനങ്ങൾ തടയുന്നതിനും ഉതകുന്ന കർശന വാഹന പരിശോധന, ബോധവൽകരണ പരിപാടികൾ, ഡ്രൈവർ മാർക്കുള്ള അവബോധ / പരിശീലന പരിപാടികൾ, കാഴ്ച കുറയ്ക്കുന്ന തരത്തിലുള്ള റോഡിനരികിലെ വൃക്ഷശിഖരങ്ങൾ, സുഗമമായ യാത്രയ്ക്ക് വിഘാതം നിൽക്കുന്ന സംഗതികൾ എന്നിവ നീക്കം ചെയ്യൽ തുടങ്ങിയ പരിപാടികൾ വർഷംതോറും നടത്തിവരുന്നു. ഈ വർഷത്തെ വാരാചരണം ജനുവരി -18 മുതൽ ഫെബ്രുവരി 17 വരെ ആയിരുന്നു. 7) അപകട മേഖലകളിൽ ക്രാഷ് ബാരിയർ സ്ഥാപിക്കുന്നത് റോഡ് സുരക്ഷക്കായുള്ള സുപ്രീം കോടതി കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ മലയോരപാതകളിലും, ജലാശയങ്ങളോട് ചേർന്നുള്ള പാതകളിലും മറ്റു അപകടമേഖലയുള്ള പാതകളിലും അടിയന്തിരമായി ക്രാഷ് ബാരിയർ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണിത്. പൊതുമരാമത്ത് വകുപ്പ് (റോഡ്സ്) വിഭാഗത്തിന് നിലവിൽ ക്രാഷ് ബാരിയർ ആവശ്യമുള്ള സ്ഥലങ്ങൾ കണ്ടെത്തി മുൻഗണന ക്രമത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനായി ആദ്യഘട്ടത്തിൽ 14.88 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 8) സ്കൂൾ സുരക്ഷാ മേഖല കുട്ടികൾക്ക് സ്കൂളിലേക്ക് സുരക്ഷിതമായി യാത്ര ചെയ്യുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് (സേഫ് സ്കൂൾ സോൺ) സ്കൂൾ മേഖല അപകടരഹിതമാക്കുന്നതിനും, കുട്ടികളുടെ സുഗമമായ യാത്ര ഉറപ്പുവരുത്തുന്നതിനും വേണ്ടി നടപ്പാതകൾ, കൈവരികൾ, സീബ്രാ ക്രോസ്സിംഗ് എന്നിവടങ്ങളിൽ ആവശ്യമായ സൈൻ ബോർഡുകളും, മാർക്കിംഗുകളും നടപ്പിലാക്കുന്നതിനാണ് ടി പദ്ധതി. ആദ്യഘട്ടമായി സംസ്ഥാനത്ത് ഉടനീളമുള്ള തിരഞ്ഞെടുത്ത 50 സ്കൂളുകളിൽ നടപ്പിലാക്കുന്നതിനായി റോഡ് സുരക്ഷാ ഫണ്ട് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ